പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 2164

04/11/2019 ൽ മറുപടി
നല്കേണ്ടത്.

## ഹോട്ടലുകളിൽ മാലിന്യ സംസ്കരണത്തിന് സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ വേണ്ടത്ര വേസ്റ്റ് മാനേജ്മെന്റും ഡ്രെയിനേജ് സംവിധാനങ്ങളും ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ചില ഹോട്ടലുകളിൽ വേണ്ടത്ര വേസ്റ്റ് മാനേജ്മെന്റും ഡ്രെയിനേജ് സംവിധാനങ്ങളും ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഹോട്ടലുകളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ; | ബി) ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധിച്ച് ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താറുണ്ട്. കൂടാതെ പോരായ്മകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് അത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്യുന്നുണ്ട്. തുടർ പരിശോധനയിൽ പോരായ്മകൾ പരിഹരിക്കാത്തതായി കണ്ടെത്തുന്ന പക്ഷം സ്ഥാപനം അടച്ച് പൂട്ടുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള ഹോട്ടലുകൾ മാലിന്യം റോഡിലേക്കും പൊതുയിടങ്ങളിലേക്കും ഒഴുക്കി വിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) സംസ്ഥാനത്തെ ഹോട്ടലുകളിൽ കൂടുതൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | ഡി) ഹോട്ടലുകളിലെ ശുചിത്വം പരിശോധിക്കുന്നതിന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തിവരുന്നു. ആരോഗ്യ ജാഗ്രതാ പരിപാടിയുടെ ഭാഗമായി ഹെൽത്ത് കേരള കാംപെയിൻ വഴി ഹോട്ടലുകളിൽ പരിശോധന നടത്തിവരുന്നു. പരിശോധനകളിൽ ശുചിത്വമില്ലായ്മ കാണുന്നപക്ഷം |

സ്ഥാപനത്തിന് നോട്ടീസ് നൽകുകയും താൽക്കാലികമായി പ്രവർത്തനം നിറുത്തിവയ്പ്പിക്കുകയും ചെയ്യുന്നു. തുടർന്ന് പോരായ്മകൾ പരിഹരിച്ച എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം പ്രവർത്തനം തുടരുവാൻ അനുമതി നൽകുകയാണ് ചെയ്തുവരുന്നത്.

2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നിഷ്കർഷിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നുമുണ്ട്.

Sd/-

സെക്ഷൻ ഓഫീസർ